# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.6351 — 03.04.2018-ൽ മറുപടിയ്ക്ക്

## നന്ദികേശശില്പ പൈതൃകഗ്രാമം പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.ആർ.രാജേഷ് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിലെ നൂറനാട് നന്ദികേശ ശില്പ പൈതൃകഗ്രാമം പദ്ധതി ലളിതകലാ അക്കാദമിയുടെ മേൽനോട്ടത്തിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ; | (എ) | നൂറനാട് പടനിലം പരബ്രഹ്മക്ഷേത്രം നിലകൊള്ളുന്ന പ്രദേശം നന്ദികേശ ശില്പ പൈതൃക കേന്ദ്രമായി അംഗീകരിക്കണമെന്ന പടനിലം സുബ്രഹ്മണ്യ ക്ഷേത്ര ഭരണസമിതിയുടെ ആവശ്യത്തിൻമേൽ കേരള ലളിതകലാ അക്കാദമി മുൻ ഭരണസമിതി അംഗമായ ശ്രീ. റ്റി എ എസ്സ് മേനോൻ നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ലളിതകലാ അക്കാദമി ഈ വിഷയം പരിശോധിക്കുകയും നൂറനാട് പടനിലം പരബ്രഹ്മക്ഷേത്രം നിലകൊള്ളുന്ന പ്രദേശവും അത് നിലകൊള്ളുന്ന സ്ഥലത്തിന്റെ പൈതൃകവും പ്രാചീനതയും കണക്കിലെടുത്ത് ടി പദ്ധതി പുരാവസ്തു വകുപ്പിനെ ഏൽപ്പിക്കുവാൻ ലളിതകലാ അക്കാദമി തീരുമാനമെടുത്തിരുന്നു.എന്നാൽ അക്കാദമി പ്രതിനിധികൾ ടി വിഷയം സ്ഥലം എം എൽ എ യുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ മേൽ ഭരണ സമിതി തീരുമാനം പുന:പരിശോധിക്കുന്നതിനും കേരള ലളിതകലാ അക്കാദമിയുടെ മേൽ നോട്ടത്തിൽത്തന്നെ ടി പദ്ധതി നിർവഹിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിച്ച് വരികയാണ്. |
| (ബി) പ്രസ്തുത പദ്ധതിക്കാവശ്യമായ തുക അനുവദിക്കുമോ; ആയത് വിശദമാക്കുമോ? | (ബി) | പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിന് വിശദമായ പ്രോജക്ട് റിപ്പോർട്ട് ലളിതകലാ അക്കാദമി തയ്യാറാക്കി സമർപ്പിക്കുന്ന മുറയ്ക്ക് മാത്രമേ ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ